ജല മാനേജ്മെന്റ്

29 [186] ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
,, കെ. കുട്ടി അഹമ്മദ് കുട്ടി :
,, സി. മമ്മൂട്ടി :
,, ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജലമാനേജ്മെന്റ് സംബന്ധിച്ച് സർക്കാർ തീരുമാനങ്ങളെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എടുത്ത തീരുമാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാന ജലമാനേജ്മെന്റ് സംബന്ധിച്ച് 1992 മാർച്ചിൽ നടപ്പിലാക്കിയ സംസ്ഥാന ജല നയത്തിൽ ജല മാനേജ്മെന്റ് രൂപീകരിക്കുന്നതു സംബന്ധിച്ച് പ്രതിപാദിച്ചിട്ടുണ്ട്. ദേശീയ ജല നയത്തിന് അനുസൃതമായി സംസ്ഥാന ജലനയവും പരിഷ്കരിക്കുവാൻ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ജല ലഭ്യത പരമാവധി ആക്കുകയും വരൾച്ചയുടെ പ്രത്യാഘാതങ്ങൾ കുറയ്ക്കുകയും ചെയ്യാൻ ദീർഘകാല അടിസ്ഥാനത്തിലും ഹ്രസ്വകാല അടിസ്ഥാനത്തിലും പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്.

ദീർഘകാല പദ്ധതികളിൽ ലഭ്യവും ഉപയോഗക്ഷമവുമായ സംഭരണ സ്ഥാനങ്ങൾ ഉപയോഗപ്പെടുത്തുക, മണ്ണും ജലവും തൽസ്ഥാനത്തുതന്നെ വച്ച് സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, വനവൽക്കരണം, ജലവിതരണ പദ്ധതികളുമായി ജലസംഭരണികളെ ബന്ധിപ്പിക്കുക, എല്ലാ ശുദ്ധജല സ്രോതസ്സുകളെയും പ്രയോജനപ്പെടുത്തുക, ജലാശയങ്ങളെ സംരക്ഷിക്കുക, ചതുപ്പുനിലങ്ങളെയും വെള്ളക്കെട്ട് പ്രദേശത്തെയും ശുദ്ധജല തടാകമാക്കി മാറ്റുക, ശുദ്ധജല സ്രോതസ്സുകളെ സംരക്ഷിക്കുന്നതിനായി ഒരു സെൽ രൂപീകരിക്കുക, വിവേകപൂർവ്വമായ ഭൂഗർഭ ജലവികസന മാർഗ്ഗം സ്വീകരിക്കുക, ജലക്ഷാമത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക എന്നിവ ഉൾപ്പെടുന്നു.

ഹ്രസ്വകാല പദ്ധതികൾ കിണർ സംരക്ഷണം, ഡ്രിപ്പ് ഇറിഗേഷൻ പ്രോത്സാഹനം, കിണറുകളെ ഓവർഹെഡ് ടാങ്കുമായി ബന്ധിപ്പിക്കൽ, ജലസ്രോതസ്സുകൾ വൃത്തിയാക്കി ആഴം കൂട്ടുക, കിണറുകളും മറ്റും പരിപാലിക്കുന്നതിന് സാധാരണക്കാരെ പരിശീലിപ്പിക്കുക, ജലവിതരണ പൈപ്പുകളുടെ ചോർച്ച നിർത്തുക എന്നിവ ആണ്.

LIBRARY ARCHIVES Kerala Legislative Assembly